(ബി) ഇതനുസരിച്ച് ഈ വിഭാഗത്തിൽപ്പെട്ട ഹോട്ടലുകൾ അനുവദിക്കുന്നതിന് എന്തെങ്കിലും നിയന്ത്രണമുണ്ടോ;

(സി) 2001 മേയ് മുതൽ ഇതുവരെ ബാർസഹിതമുള്ള എത്ര ഹെറിറ്റേജ് ഹോട്ടലുകളും ത്രീസ്റ്റാർ ഹോട്ടലുകളും അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) 5 ഹെറിറ്റേജ് ഹോട്ടലുകൾക്കും 48 ത്രീസ്റ്റാർ ഹോട്ടലുകൾക്കും ബാർ ലൈസൻസ് നൽകിയിട്ടുണ്ട്.

എംപവർ കമ്മിറ്റിയുടെ ഘടനയും ഉദ്ദേശലക്ഷ്യങ്ങളും

35 [3288] *ഡോ. തോമസ് ഐസക്:*
ശ്രീ. കോടിയേരി ബാലകൃഷ്ണൻ:
„ *എ. കെ. ബാലൻ:*
„ *മഞ്ഞളാംകുഴി അലി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാറ്റ് സമ്പ്രദായം നടപ്പിലാക്കുന്നതിനായി രൂപീകരിച്ച എംപവർ കമ്മിറ്റിയുടെ ഘടനയും ഉദ്ദേശലക്ഷ്യങ്ങളും എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(ബി) വാറ്റ് സമ്പ്രദായം നടപ്പിലാക്കിയതിനുശേഷം പ്രസ്തുത കമ്മിറ്റി എത്ര തവണ യോഗം കൂടിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത യോഗങ്ങളിൽ സംസ്ഥാനത്തെ ബാധിക്കുന്ന ഏതെല്ലാം പ്രശ്നങ്ങളാണ് കമ്മിറ്റിയിൽ ഉന്നയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) അടുത്ത് കൂടാൻ പോകുന്ന എംപവേർഡ് കമ്മിറ്റിയിൽ കേരളത്തെ ബാധിക്കുന്ന ഏതെല്ലാം കാര്യങ്ങളാണ് ഉന്നയിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) മൂല്യവർദ്ധിത നികുതി സമ്പ്രദായം സംസ്ഥാനങ്ങളിൽ നടപ്പിലാക്കുന്നതിലേക്കായി കേന്ദ്ര ധനകാര്യ മന്ത്രാലയത്തിന്റെകീഴിൽ സംസ്ഥാന ധനകാര്യമന്ത്രിമാർ ഉൾപ്പെട്ട ഒരു ഉന്നതാധികാരസമിതി 1999 നവംബർ 19-ാം തീയതി നിലവിൽ വന്നു. പ്രസ്തുത കമ്മിറ്റിയുടെ ചെയർമാൻ പശ്ചിമബംഗാൾ സംസ്ഥാന ധനകാര്യ വകുപ്പ്

LIBRARY ARCHIVES Kerala Legislative Assembly

മന്ത്രിയായ ശ്രീ. അസിം ദാസ് ഗുപ്തയാണ്. വിവിധ തരത്തിലുള്ള ചരക്കുകൾക്ക് ഏകീകൃത നികുതി നിരക്ക് നിശ്ചയിച്ച് ദേശീയതലത്തിൽ നിരക്കുകൾ ഏകീകരിക്കുക, ഈ ലക്ഷ്യപ്രാപ്തിക്കായി നിലവിലുള്ള വിൽപ്പന നികുതി ഇളവുകളും കിഴിവുകളും മറ്റും പിൻവലിക്കുക, രാജ്യത്തുടനീളം ഏകീകൃത നികുതി നിയമം നടപ്പിലാക്കുക, ഈ ഉദ്ദേശങ്ങൾ നിറവേറ്റുന്നതിലേക്കായി ഓരോ സംസ്ഥാനത്തും നിലനിൽക്കുന്ന പ്രശ്നങ്ങൾ പ്രത്യേക കമ്മിറ്റികൾ ചർച്ച ചെയ്ത് പരിഹാരം കാണുക എന്നിവയാണ് എംപവേർഡ് കമ്മിറ്റിയുടെ പ്രധാന ഉദ്ദേശലക്ഷ്യങ്ങൾ.

(ബി) മൂല്യവർദ്ധിത നികുതി നിയമം 1-4-2005-ൽ നടപ്പിലാക്കിയതിനുശേഷം ധനകാര്യ മന്ത്രിമാരുടെ എംപവേർഡ് കമ്മിറ്റി 3 തവണയും വാണിജ്യ നികുതി കമ്മീഷണർമാരുടെ യോഗം 4 തവണയും കൂടിയിട്ടുണ്ട്.

(സി). മൂല്യവർദ്ധിത നികുതി നിയമം നടപ്പിലാക്കിയതിനുശേഷം പരമ്പരാഗത വ്യവസായങ്ങൾ, ഖാദിഗ്രാമ വ്യവസായങ്ങൾ, കുടുംബശ്രീ യൂണിറ്റുകൾ എന്നിവയുടെ പ്രശ്നങ്ങൾ കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും അവയ്ക്ക് പരിഹാരം കാണുവാൻ ശ്രമിച്ചിട്ടുമുണ്ട്. അതുപ്രകാരം പരമ്പരാഗത വ്യവസായങ്ങളെ നികുതിയിൽനിന്നും ഒഴിവാക്കിയിട്ടുമുണ്ട്. അതുപോലെ ഖാദിവ്യവസായ യൂണിറ്റുകളുടെ ഉൽപ്പന്നങ്ങളെയും കുടുംബശ്രീ ഉൽപ്പന്നങ്ങളെയും ആദ്യഘട്ട വിൽപ്പനയിൽ ടേണോവർ പരിധിയില്ലാതെ നികുതിയിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. ഇതിനുപുറമെ നികുതിനിരക്കിലുള്ള അവ്യക്തത പരിഹരിക്കുന്നതിലേക്കായി പട്ടികയിൽവേണ്ട ഭേദഗതികൾ ഉന്നതാധികാര സമിതിയുടെ ശുപാർശപ്രകാരം വരുത്തിയിട്ടുണ്ട്. മൂല്യവർദ്ധിത നികുതി നിയമം നടപ്പിലാക്കിയതിനുശേഷം നികുതി നിരക്കിൽ വ്യതിയാനം ഉണ്ടായിട്ടും അതിന്റെ ഗുണം ഉപഭോക്താക്കൾക്ക് നൽകാതെ ചില വൻകിട കമ്പനികൾ അവരുടെ ഉൽപ്പന്നത്തിന്റെ അടിസ്ഥാന വിലയിൽ വർദ്ധനവ് വരുത്തി സാധനങ്ങളുടെ വില വർദ്ധിപ്പിച്ചിട്ടുള്ള കാര്യം കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഈ വില വർദ്ധനവിനെതിരെ സംസ്ഥാന ഗവൺമെന്റുകൾക്ക് അവശ്യവസ്തു നിയമപ്രകാരവും ഉപഭോക്തൃ സംരക്ഷണ നിയമപ്രകാരവും നടപടികൾ സ്വീകരിക്കുവാൻ കഴിയാത്ത സാഹചര്യം നിലവിലുള്ളതിനാൽ ഈ വിലവർദ്ധനവ് തടയുവാൻ സാധിക്കുംവിധം കേന്ദ്ര ഗവൺമെന്റ് നിയമം പാസ്സാക്കണമെന്ന ആവശ്യം കമ്മിറ്റിയിൽ ഉന്നയിച്ചിട്ടുണ്ട്.

(ഡി) മൂല്യവർദ്ധിത നികുതി നിയമം നടപ്പിലാക്കിയതിനുശേഷം സംസ്ഥാന ഗവൺമെന്റുകൾക്കുണ്ടാകുന്ന നഷ്ടം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന ആവശ്യം ഉന്നയിക്കുന്നതിനും ഇതിനുപുറമെ സംസ്ഥാന സർക്കാർ ആവശ്യപ്പെട്ട 21 ഇനം സർവ്വീസുകൾക്ക് നികുതി ഈടാക്കുവാനുള്ള അവകാശം ആവശ്യപ്പെടാനും ഉദ്ദേശിക്കുന്നു. കൂടാതെ, കേന്ദ്ര വിൽപ്പന നികുതി ഇല്ലാതാകുമ്പോൾ സംസ്ഥാന സർക്കാർ നേരിടേണ്ടിവരുന്ന സാമ്പത്തികനഷ്ടം നികത്തുവാനുള്ള ഫോർമുലയെ സംബന്ധിച്ചും ചർച്ച ചെയ്യുവാൻ ഉദ്ദേശിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly